# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2272 — 17/06/2014-ൽ മറുപടിക്ക്

### അട്ടപ്പാടി പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും,<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ശിശുമരണങ്ങളാണ് അട്ടപ്പാടിയിൽ നടന്നതെന്ന് ഊരു തിരിച്ച് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോഷകക്കുറവുമൂലവും മറ്റ് ജനിതക വൈകല്യങ്ങളാലും 63 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. ഊരു തിരിച്ചുള്ള 45 കുട്ടികളുടെ വിവരം ലഭ്യമായത് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | കോളനി | മരിച്ച കുട്ടികളുടെ എണ്ണം | തീയതി |
|---|---|---|---|
| 1 | വടക്കേകടമ്പാറ | 1 | 28/03/13 |
| 2 | പാലൂർ | 2 | 15/02/13<br>12/7/13 |
| 3 | നെല്ലിപ്പതി | 3 | ഫെബ്രു. 2013,<br>മാർച്ച് 2013 |
| 4 | തെക്കേകടമ്പാറ | 1 | 12/04/13 |
| 5 | വെള്ളകുളം | 4 | 9/3/13,<br>24/3/13,<br>ജനു. 2013 |
| 6 | അരളിക്കോണം | 1 | 15/04/13 |
| 7 | എടവാണി | 1 | 16/04/13 |
| 8 | ചെമ്പുവട്ടക്കാട് | 1 | ഡിസം. 2012 |
| 9 | വെച്ചപ്പതി | 1 | 04/02/13 |
| 10 | മേട്ടുവഴി | 1 | 27/02/13 |
| 11 | കളപ്പടിക | 1 | 01/01/13 |

| | | | |
|---|---|---|---|
| 12 | പ്ലാമരച്ചുവട് | 1 | 28/01/13 |
| 13 | വീരന്നൂർ | 1 | 31/03/13 |
| 14 | ഷോളയൂർ | 1 | 09/05/13 |
| 15 | പോത്തുപ്പാടി | 1 | 12/05/13 |
| 16 | പട്ടിമാളം | 1 | 13/05/13 |
| 17 | മേലേക്കണ്ടിയൂർ | 4 | മാർച്ച്, ഏപ്രിൽ, മേയ് 2013 |
| 18 | കോണംകത്തി | 1 | മാർച്ച് 2013 |
| 19 | കോവിൽമേട് | 1 | 22/05/13 |
| 20 | മേലേമുള്ളി | 1 | 23/05/13 |
| 21 | അഗളിമേലേഊര് | 1 | 24/05/13 |
| 22 | പലകയൂർ | 1 | 28/05/13 |
| 23 | ചീരക്കടവ് | 2 | 28/05/13<br>02/11/13 |
| 24 | ആനവായ് | 1 | 03/07/13 |
| 25 | നായ്ക്കർപാടി | 1 | 04/07/13 |
| 26 | ഊത്തുകുഴി | 1 | 18/07/13 |
| 27 | നക്കുപ്പതിഊര് | 1 | 24/08/13 |
| 28 | ചിണ്ടക്കി | 1 | 02/11/13 |
| 29 | ചുണ്ടകുളം ഊര് | 1 | 08/11/13 |
| 30 | കാരറ | 1 | 24/11/13 |
| 31 | മുരിഗള | 1 | 01/12/13 |
| 32 | പാലൂർ | 1 | 03/03/14 |
| 33 | മേലേക്കണ്ടിയൂർ | 1 | 24/04/14 |
| 34 | വടക്കോട്ടത്തറ | 1 | 27/04/14 |
| 35 | കാവുണ്ടിക്കൽ | 1 | 07/05/14 |
| | **ആകെ** | **45 കുട്ടികൾ** | |

| | | | |
|---|---|---|---|
| (ബി) | സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പാക്കേജ് നടപ്പാക്കി തുടങ്ങിയോ; എന്നു മുതലാണ് നടപ്പാക്കി തുടങ്ങിയത് ; | (ബി) | അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്ത ശേഷം ആയത് നിയന്ത്രിക്കുന്നതിന് ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (സി) | പാക്കേജ് പ്രകാരമുള്ള എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചത് ; പദ്ധതി, വിനിയോഗിച്ച തുക, പദ്ധതി നടപ്പാക്കിയ ഊര് എന്നിവ വിശദമാക്കുമോ ; | (സി) | അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ശ്രദ്ധയിൽ പ്പെട്ടതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് കൊണ്ടുള്ള തുടർനടപടികളാണ് സ്വീകരിച്ചു വരുന്നത്. നടപ്പിലാക്കിയതും നടപ്പാക്കു ന്നതുമായ പ്രധാനപ്പെട്ട പദ്ധതികൾ |

സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

(a) അട്ടപ്പാടിയിലെ മുഴുവൻ പ്രവർത്തനങ്ങളെയും കോ-ഓർഡിനേറ്റ് ചെയ്യാനായി റിട്ട. ഐ.എ.എസ് ഉദ്യോഗസ്ഥനായ ഡോ. സുബ്ബയ്യയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു.

(b) അരി, റാഗി, ചെറുപയർ, തുവരപ്പരിപ്പ്, കടല തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ 6 മാസം അട്ടപ്പാടിയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വിതരണം ചെയ്തു.

(c) **'ജനനി-ജന്മരക്ഷ ആരോഗ്യ പദ്ധതി'**- പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾ ഗർഭിണികളായി 3-ാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് ആകുന്നതുവരെ പ്രതിമാസം 1,000/- രൂപ (ആയിരം രൂപ മാത്രം) (18x1000 = 18,000/- രൂപ) വീതം പോസ്റ്റോഫീസ് മുഖേന മണിയോർഡർ ആയി ഗുണഭോക്താവിന്റെ കൈയ്യിൽ എത്തിയ്ക്കുന്ന ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കി. ടി പദ്ധതി പ്രകാരം അട്ടപ്പാടിയിലെ അർഹരായ 535 പട്ടികവർഗ്ഗ സ്ത്രീകൾക്ക് ധനസഹായം നൽകി വരുന്നു.

(d) പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷികളായ ചാമ, ചോളം, തുവര, തുടങ്ങിയവ കൃഷി ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കൃഷി വകുപ്പ് മുഖേന നടപടി സ്വീകരിച്ചു. ഇതിനായി 3.08 കോടി രൂപ അനുവദിച്ചിരുന്നു.

(e) പുറമേ, അട്ടപ്പാടിയിലെ 187 ഊരുകൾ കേന്ദ്രീകരിച്ച് കൃഷി വകുപ്പ് 7.84 കോടി രൂപയുടെ സമഗ്ര പദ്ധതി നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

(f) അംഗൻവാടി ജീവനക്കാരുടെ സഹായത്തോടെ പട്ടികവർഗ്ഗക്കാർക്ക് അയൺ-ഫോളിക് ആസിഡ് ഗുളികകൾ നൽകിവരുന്നു.

(g) സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹകരണത്തോടെ അംഗൻവാടികൾ മുഖേന 186 കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചുവരുന്നു.

(h) ആരോഗ്യ വകുപ്പിൽ കോട്ടത്തറ ഗവ.

| | | | |
|---|---|---|---|
| | | | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 38 തസ്തികകളും, അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 23 തസ്തികകളും, പുതൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ 14 തസ്തികകളും സൃഷ്ടിക്കുകയും, പാലക്കാട് ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ. ഡോ. പ്രഭുദാസിനെ അട്ടപ്പാടിയിലെ ആരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>(i) ശിശു മരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 06.06.2013-ന് അട്ടപ്പാടി സന്ദർശിച്ച അന്നത്തെ കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ. ജയറാംരമേശ്, കേന്ദ്ര സർക്കാരിന്റെ 100 കോടി രൂപയുടെ ഒരു പ്രത്യേക പ്രോജക്ട് പ്രഖ്യാപിക്കുകയുണ്ടായി. പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കുന്ന പ്രത്യേക പാക്കേജിനായി 98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMGSY പ്രകാരം 70 കിലോമീറ്റർ ദൂരമുള്ള 16 റോഡുകളുടെ നിർമ്മാണത്തിന് 76 കോടി രൂപ അനുവദിച്ചു.<br><br>(j) ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡെവലപ്മെന്റ്, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, സാമൂഹ്യനീതി വകുപ്പ് ഇവയുടെ സഹകരണത്തോടെ പ്രത്യേകം തയ്യാറാക്കിയ 'JATAK' എന്ന സോഫ്റ്റ്വെയർ മുഖേന ആകെയുള്ള 0-5 പ്രായത്തിലെ കുട്ടികളുടെ ഫോട്ടോ, തൂക്കം, ഉയരം ഇവ രേഖപ്പെടുത്തി അവരുടെ ന്യൂട്രീഷണൽ സ്റ്റാറ്റസ് വിലയിരുത്തി. അതിൽ 82 പട്ടികവർഗ്ഗ കുട്ടികൾക്ക് കടുത്ത പോഷണക്കുറവ് (SAM) ഉണ്ടെന്ന് കണ്ടെത്തി. അവർക്ക് അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും, കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലെയും ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററിലൂടെയും, അംഗൻവാടി മുഖേനയും പ്രത്യേക പോഷണം നൽകുന്നതിനു നടപടി സ്വീകരിച്ചു. അട്ടപ്പാടിയിൽ നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം വകുപ്പുകളാണ് പാക്കേജ് നടപ്പാക്കുന്നതിന് പങ്കാളിയാവുന്നത്; പാക്കേജിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) | 1. പട്ടികവർഗ്ഗ വികസന വകുപ്പ്<br>2. ഗ്രാമ വികസന വകുപ്പ്<br>3. കൃഷി വകുപ്പ്<br>4. ആരോഗ്യ വകുപ്പ്/ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം.<br>5. ജലസേചന വകുപ്പ്<br>6. സാമൂഹ്യ നീതി വകുപ്പ്<br>7. എക്സൈസ് വകുപ്പ്<br>8. ആഭ്യന്തര വകുപ്പ്<br>9. വനം വകുപ്പ്<br>10. കുടുംബശ്രീ<br>എന്നിങ്ങനെ ഒട്ടുമിക്ക വകുപ്പുകൾക്കും ഏജൻസികൾക്കും അട്ടപ്പാടിയിലെ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ പങ്കാളിത്തമുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഡോ. സുബ്ബയ്യ, ഐ.എ.എസ്. (റിട്ട.) മാസം തോറും അവലോകനം നടത്തി വരുന്നുണ്ട്. സ്പെഷ്യൽ ഓഫീസർ ഡോ. എസ്. സുബ്ബയ്യ, ഐ.എ.എസ്. (റിട്ട.) യുടെ അദ്ധ്യക്ഷതയിൽ ഐ.റ്റി.ഡി.പി. ഹാളിൽ വച്ച് 07.06.2014 നാണ് ഏറ്റവും ഒടുവിലായി അവലോകന യോഗം നടന്നത്. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും അവലോകന യോഗത്തിൽ പങ്കെടുത്തിരുന്നു. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കുറ്റമറ്റ രീതിയിൽ തുടർന്നുള്ള പ്രവർത്തനം നടത്തുന്നതിന് വ്യക്തമായ ദിശാബോധം നൽകിവരുന്നുണ്ട്. |
| (ഇ) | പാക്കേജ് നടപ്പാക്കി തുടങ്ങിയതിന് ശേഷം നാളിതുവരെ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഊര തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 2014 ൽ 4 ശിശുമരണം നടന്നു. ഇവ പോഷകാഹാരക്കുറവ് കൊണ്ടായിരുന്നില്ല. ന്യുമോണിയ, ഹൃദയ സംബന്ധമായ അസുഖം, അമ്മയെ രക്ഷിക്കുന്നതിന് 7 മാസം പ്രായമായ കുട്ടിയെ സർജറി നടത്തി പുറത്തെടുത്തത് മൂലവും ശ്വാസംമുട്ട് കാരണവുമാണ്.<br>1. പാലൂർ - 1 - 03/03/2014<br>2. മേലെകണ്ടിയൂർ - 1 - 21/04/2014<br>3. വടക്കോട്ടത്തറ - 1 - 21/04/2014<br>4. കാവുണ്ടിക്കൽ - 1 - 07/05/2014 |

സെക്ഷൻ ഓഫീസർ

അനുബന്ധം

**അട്ടപ്പാടിയുടെ ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ.**

1. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡോ. എസ്.സുബ്ബയ്യ ഐ.എ.എസ് (റിട്ട) സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. അദ്ദേഹം മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നു.

2. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എസ്.റ്റി.പ്രമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ് തല സർവ്വേ നടത്തി പോഷകാഹാരക്കുറവ്, അനീമിയ തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ട പട്ടികവർഗ്ഗക്കാരായ രോഗികളെ കണ്ടെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

3. വിദഗ്ദ്ധ ചികിത്സ ആവശ്യമായവരെ സൗജന്യമായി ആശുപത്രിയിൽ എത്തിച്ചു.

4. ആരോഗ്യ വകുപ്പും, സാമൂഹ്യ നീതി വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ആരോഗ്യ സർവ്വെ നടത്തുകയും രോഗാതുരരായവരെ തുടർ ചികിത്സയ്ക്ക് ആശുപത്രികളിൽ എത്തിക്കുകയും ചെയ്തു.

5. എ.പി.എൽ വിഭാഗത്തിൽപ്പെട്ട 1976 റേഷൻ കാർഡുകൾ ബി.പി.എൽ ആക്കി.

6. 2013 ഏപ്രിലിൽത്തന്നെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോഅരി, 2 കിലോ പയർ വീതം നൽകി. തുടർന്ന് മേയ്,ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീ നാല് മാസങ്ങളിൽ പ്രതിമാസം 10 കിലോ റാഗി, 1 കിലോ ചെറുപയർ, 500ഗ്രാം കടല, 500 ഗ്രാം തുവരപ്പരിപ്പ് ഇവ വീതവും, 153 ലക്ഷം രൂപ ചിലവിൽ വിതരണം ചെയ്തു. സെപ്തംബർ മാസം 15 കിലോ അരി, 500 ഗ്രാം പഞ്ചസാര, 500 ഗ്രാം ചെറുപയർ, 500 ഗ്രാം മുളക്, 500 ഗ്രാം ശർക്കര, 500 മി.ലി.വെളിച്ചെണ്ണ ഇവയടങ്ങുന്ന ഓണക്കിറ്റ് നൽകിയിരുന്നു.

7. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് സംസ്ഥാന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ മുഖേന 1 കോടി രൂപയുടെ പദ്ധതി നടപ്പാക്കി.

8. ജീവനോപാധി വർദ്ധനവിന് അനുയോജ്യമായ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ എസ്.സി.എ ടു റ്റി.എസ്.പി., ആർട്ടിക്കിൾ 275(1) കോർപ്പസ് ഫണ്ട് എന്നീ ശീർഷകങ്ങളിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

9. സിക്കിൾ സെൽ അനീമിയ ബാധിതരായ 59 പേർക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

10. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ 63 ലക്ഷം രൂപ അനുവദിച്ചു.

11. ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം 9481 പട്ടികവർഗ്ഗക്കാരെ എൻറോൾ ചെയ്തു.

12. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന 0-5 പ്രായത്തിലെ കുട്ടികളുടെ ഫോട്ടോ, തൂക്കം, നീളം ഇവയെ ടുത്തു ന്യൂട്രീഷണൽ സ്റ്റാറ്റസ് വിലയിരുത്തിയതിൽ കടുത്ത പോഷകക്കു റവുള്ളതായി കണ്ടെത്തിയ 200 കുട്ടികൾക്കു അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലേയും, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയി ലെയും ന്യൂട്രീഷണൽ റീ-ഹാബിലിറ്റേഷൻ സെന്ററിൽ അധിക പോഷണ പരിചരണം നടത്തി.

13. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സാകുന്നതു വരെ ആകെ 18 മാസം ധനസഹായം നൽകുന്ന ജനനനി ജന്മരക്ഷ എന്ന പദ്ധതി ആവിഷ്ക്കരിച്ചു. അട്ടപ്പാടിയിലെ 535 അമ്മമാർക്ക് ധനസഹായം മണിയോർഡർ വഴി അയച്ചു തുടങ്ങി.

14. ദുർഘട പ്രദേശങ്ങളിൽ പട്ടികവർഗ്ഗ കുട്ടികൾക്ക് സ്കൂളിൽ വന്നു പോകുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി.

15. സർക്കാർ ആശുപത്രികളിലും, ഗവൺമെന്റ്/ സഹകരണ മെഡിക്കൽ കോളേജുകളിലും, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ.ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവി ടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. അതനുസരിച്ച് ജില്ലാ മെഡിക്കൽ ആഫീസർമാർക്കും, ഗവൺമെന്റ്/സഹകരണ മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻറ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർക്കും തുക അനുവദിച്ചു.

16. പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പു മുഖേന 3.10 കോടി രൂപ യുടെ പദ്ധതി നടപ്പിലാക്കി. കൂടാതെ വകുപ്പ് മുഖേന ആർട്ടിക്കിൾ 275(1) പ്രകാരം 40 ലക്ഷം രൂപയുടെ പദ്ധതിയും ഈയിനത്തിൽ നടപ്പിലാക്കി.

17. അഗളി, ഷോളയൂർ, പുതൂർ ഗവ.ഹയർ സെക്കന്ററി സ്കൂളുകളിൽ +1 സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ അട്ടപ്പാടിയിലെ എസ്.എൽ.സി. പാസ്സായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും (90 പേർ) ഉപരി പഠനം ഉറപ്പു വരുത്തി.

18. +2 പാസ്സായ 45 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 25 പേർക്ക് അഗളി ഗവ. കോളേജ്, പാലക്കാട് ഗവ.വിക്ടോറിയ കോളേജ്, മേഴ്സി കോളേജ്, ചിറ്റൂർ ഗവ.കോളേജ്, ഗവ.ഐ.റ്റി.ഐ, കുലുക്കൂർ, അട്ടപ്പാടി എന്നിവിട ങ്ങളിലും ശേഷിച്ചവർക്ക് മണ്ണാർക്കാട് എം.ഇ.എസ്. മെഡിക്കൽ കോളേജിലും പ്രവേശനം ലഭ്യമാക്കി.

19. അട്ടപ്പാടിയിലെ ജനസംഖ്യയിൽ പട്ടികവർഗ്ഗക്കാർ 44% ആയതിനാൽ വയനാട് ജില്ലയിലേതുപോലെ സ്കൂൾ, കോളേജ് പ്രവേശനത്തിന് എസ്.സി./എസ്.റ്റി സംവരണമുള്ള 20% സീറ്റിൽ എസ്.സി 5% എസ്.റ്റി.15% എന്ന രീതിയിൽ അനുവദിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചു.

## പി.വി.റ്റി.ജി പ്രോജക്റ്റ് വഴി അട്ടപ്പാടിയിൽ നടപ്പിലാക്കിയ പദ്ധതികൾ

1. 97 വീടുകൾ
2. ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ യൂണിറ്റുകൾ
3. രണ്ടു സ്പെഷ്യൽ അംഗൻവാടികൾ
4. എഫ്.എസ്.പി. വഴി അരി, ചെറുപയർ, വൻ പയർ, വെളിച്ചെണ്ണ, പഞ്ചസാര എന്നിവ ഓരോ കുടുംബത്തിനും നൽകി.
5. ചിണ്ടക്കി, ആനവായ് റോഡിന്റെ നിർമ്മാണം സംബന്ധിച്ച് നടപടികൾ ആരംഭിച്ചു.

## മറ്റ് ഓഫീസുകൾ

പ്രോജകട് ഓഫീസിന് പുറമേ സംയോജിത ശിശുവികസന ആഫീസ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ്, 3 കൃഷിഭവനുകൾ, മൃഗാശുപത്രി ഡി.വൈ.എസ്.പി.ആഫീസ് 172 അംഗൻവാടികൾ എന്നിവയും പ്രവർത്തിക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറയിൽ പട്ടികവർഗ്ഗക്കാർക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും അഗളിയിൽ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററും പുതൂർ, ഷോളയൂർ, വട്ടുളുക്കി എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 28 സബ്സെന്ററുകളും പ്രവർത്തിക്കുന്നു. 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും 61 ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക്ഹെൽത്ത് നേഴ്സുമാരും 62 ആശാ വർക്കർമാരും ആരോഗ്യവകുപ്പിന് കീഴിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

അട്ടപ്പാടിയുടെ ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെതുടർന്ന് മറ്റ് വകുപ്പുകൾ സ്വീകരിച്ച നടപടികൾ

## സാമൂഹിക നീതി വകുപ്പ്

1. സാമൂഹികനീതിവകുപ്പിലെ ഒഴിവുണ്ടായിരുന്ന അട്ടപ്പാടിയിലെ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസറുടേയും 5 സൂപ്പർ വൈസർമാരുടേയും ഒഴിവുകൾ നികത്തി.

2. അംഗൻവാടി മുഖേനയുള്ള ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാർക്കും, 1-6 പ്രായമുള്ള കുഞ്ഞുങ്ങൾക്കും നൽകുന്ന പൂരക ഭക്ഷണ വിതരണം ഊർജ്ജിതപ്പെടുത്തി.

3. ഗ്രാമപഞ്ചായത്ത് മെമ്പറുടെ അദ്ധ്യക്ഷതയിൽ അംഗൻവാടി വെൽഫയർ കമ്മിറ്റികൾ മാസാമാസം കുടി പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തനം കുറ്റമറ്റതാക്കാനും വിലയിരുത്താനും നടപടി എടുത്തു.

4. അംഗൻവാടി കൾ മുഖേന സഫല കിറ്റുകൾ വിതരണം ചെയ്തു.

5. അയേൺഫോളിക് ഗുളികകൾ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അംഗൻവാടികൾ ആഴ്ചതോറും എൻ.ആർ.എച്ച്.എം ൻെറ ആഭിമുഖ്യത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

6. അംഗൻവാടി വർക്കർമാർ എല്ലാ ദിവസവും വൈകുന്നേരം 3.30മുതൽ 5.00മണിവരെ പട്ടികവർഗ്ഗ ഭവനങ്ങൾ സന്ദർശനം നടത്തുന്നു.

7. നിലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്ന ഏജൻസിയെ മാറ്റി വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചു.

8. അംഗൻവാടി വർക്കർമാർക്ക് നവജാത ശിശു സംരക്ഷണത്തിൽ പരിശീലനം നൽകി.

9. കുട്ടികൾക്കായി 10 ഓളം പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രായത്തിനനുസരിച്ച് ഭാരമില്ലാത്ത 299 കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിചരണം ആരംഭിച്ചു.

10. 192 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതികൾ നടത്തിവരുന്നു.

## <u>ആരോഗ്യവകുപ്പ്</u>

1. കോട്ടത്തറ ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിൽ അനുവദനീയമായ ഗൈനക്കോളജിസ്റ്റ് അടക്കമുള്ള ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു. അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ പി.എച്ച്.സികൾ എന്നിവിടങ്ങളിൽ അധികമായി ആവശ്യമായ 75 തസ്തിക സൃഷ്ടിച്ചു. ഡോ. പ്രഭുദാസിനെ അട്ടപ്പാടിയിലെ ആരോഗ്യ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായി നിയമിച്ചു.
2. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ മുടങ്ങികിടന്ന സ്റ്റാഫ്ക്വാർട്ടേഴ്സിൻെറ നിർമ്മാണം പുനരാരംഭിക്കുകയും ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. പുതൂർ പി.എച്ച്.സിയിൽ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചു.

3. കോട്ടത്തറ സർക്കാർ ആശുപത്രിയിൽ 2013 ഏപ്രിൽ മാസത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും 23597 പട്ടികവർഗ്ഗക്കാരെ പരിശോധിച്ച് വിദഗ്ദ്ധ ചികിൽസ ആവശ്യമായ 849 പേർക്ക് തുടർ ചികിൽസ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. രണ്ടാം ഘട്ടമായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ 7767 പട്ടികവർഗ്ഗക്കാർ പങ്കെടുക്കുകയും വിദഗ്ദ്ധ ചികിൽസ ആവശ്യമായ 140 പേരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ കണ്ടെത്തിയ രോഗികൾക്ക് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സഹായത്തോടെ തുടർ ചികിൽസ ലഭ്യമാക്കി.

4. ആരോഗ്യവകുപ്പിന് കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും പുതൂർ പ്രൈമറി ഹെൽത്ത് സെന്ററിലും ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു.

5. എൻ.ആർ.എച്ച്.എം. മുഖേന ആശാ വർക്കർമാർക്ക് മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു.

6. ഹെൽത്ത്സബ്സെന്ററുകൾ വഴി രോഗികൾക്ക് 24 മണിക്കൂർ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

7. ഹെൽത്ത്സബ്സെന്ററുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

8. എൻ.ആർ.എച്ച്.എം. മുഖേന കോട്ടത്തറ ആശുപത്രിയിൽ 24പേരെയും സി.എച്ച്. സി അഗളിയിൽ 11 പേരെയും പുതൂർ പി.എച്ച്.സിയിൽ 5പേരെയും ഷോളയൂർ പി.എച്ച്.സിയിൽ 4 പേരെയും ആനക്കട്ടി പി.എച്ച്.സിയിൽ ഒരാളെയും മൊബൈൽ മെഡിക്കൽ യൂണിറ്റിൽ 6 പേരെയും നിയമിക്കുകയുണ്ടായി.

9. കോട്ടത്തറ ആശുപത്രിയിൽ രക്തബാങ്ക്, അൾട്രാസൗണ്ട് സ്കാനിംഗ് സംവിധാനം, ഓപ്പറേഷൻ തിയറ്റർ എന്നിവ ആരംഭിച്ചു.

10. അഗളി കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിലും, പുതൂർ പബ്ലിക് ഹെൽത്ത് സെന്ററിലും ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.

11. എൻ.ആർ.എച്ച്.എം വഴി ഗർഭിണികൾക്കു നവജാത ശിശുക്കൾക്കും ആശുപത്രിയിൽ പോയി വരുന്നതിന് യാത്രാസൗകര്യം ഏർപ്പെടുത്തി.

12. ആരോഗ്യപ്രവർത്തകരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും 75 തസ്തികകൾ സർക്കാർ പുതുതായി അനുവദിക്കുകയുണ്ടായി (60 പേരെ നിയമിച്ചു.)

13. അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും പ്രോൽസാഹന ബത്ത സർക്കാർ അനുവദിച്ചു.

## സിവിൽ സപ്ലൈസ് വകുപ്പ്

1. അട്ടപ്പാടി ഐ.റ്റി.ഡി.പി ആഫീസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ പൊതുവിതരണ വകുപ്പ് വിവിധ പട്ടികവർഗ്ഗസങ്കേതങ്ങളിൽ 16 ക്യാമ്പുകൾ സംഘടിപ്പിക്കുകയും 1976 എ.പി.എൽ റേഷൻ കാർഡുകൾ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

2. മൂന്നു മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനും, മൂന്നു പഞ്ചായത്തുകളിൽ ഓരോ ജീപ്പു വീതം വാങ്ങാൻ കേന്ദ്ര സഹായത്തിനുള്ള പ്രപ്പോസൽ സമർപ്പിക്കാനും തീരുമാനിച്ചു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ നിർദ്ദേശം നൽകി.

## കേരള വാട്ടർ അതോറിറ്റി

28 ലക്ഷം രൂപ ചെലവിൽ കോട്ടത്തറ ആശുപത്രിയിൽ കുടിവെള്ള ശുദ്ധീകരണരണ സംവിധാനം സ്ഥാപിച്ചു.

## റൂറൽ ഡെവലപ്പ്മെന്റ്

1. ഇൻഫർമേഷൻ, എഡ്യൂക്കേഷൻ & കമ്മ്യൂണിക്കേഷൻ പരിപാടിയുടെ ഭാഗമായി അംഗൻവാടികളിലും, പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ ശുചിത്വ ക്യാമ്പുകൾ പട്ടികവർഗ്ഗ സ്കൂളുകളിലും, ഹോസ്റ്റലുകളിലും, നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു.

2. പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 70 കിലോമീറ്റർ ദൂരം വരുന്ന 16 റോഡുകൾ, 76 കോടി രൂപയുടെ പ്രോജക്റ്റുകളും അനുവദിച്ചു.

3. തൊഴിലുറപ്പ് പദ്ധതി പ്രകാരം 3949 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 2013-14 സാമ്പത്തിക വർഷം തൊഴിൽ ലഭ്യമാക്കുകയുണ്ടായി.

4. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമി മുഴുവനും കൃഷി ചെയ്യുന്നതിന് ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കി വരുന്നു.

5. കോട്ടത്തറ സർക്കാർ ആശുപത്രിയോട് ചേർന്ന് ഒരു ലഹരി വിമുക്ത കേന്ദ്രം ആരംഭിച്ചു.

<u>ജില്ലാ പഞ്ചായത്തും, ഭാരതീയ ചികിത്സാ വകുപ്പും</u>

1. 11-19 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പെൺകുട്ടികളുടെ ഇടയിൽ പ്രകടമായിട്ടുള്ള അനീമിയ രോഗത്തിന് ചികിത്സയ്ക്കായി സുകന്യ എന്ന പേരിൽ ഒരു പ്രത്യേക പരിപാടി ആരംഭിച്ചു.

<u>വനം വകുപ്പ്</u>

95 പട്ടിക വർഗ്ഗ യുവാക്കളെ വനപാലകരായി നിയമിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ